പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1109 13-06-2013-ൽ മറുപടി നൽകേണ്ടത്.

**റവന്യൂ വകുപ്പിലെ ഒഴിവുള്ള തസ്തികകളിൽ നിയമനം**

| ചോദ്യം<br>ശ്രീ. സി. എഫ് തോമസ്<br>ശ്രീ. റ്റി. യു. കുരുവിള | | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>ബഹു. റവന്യൂ കയർ വകുപ്പ് മന്ത്രി. |
|---|---|---|
| (എ) വില്ലേജ് ഓഫീസർ മുതൽ ഡെപ്യൂട്ടി കളക്ടർ വരെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) | ലഭ്യമായ വിവരങ്ങളനുസരിച്ച് വില്ലേജ് ഓഫീസർമാർ മുതലുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>വില്ലേജ് ഓഫീസർ - 19<br>ഡെപ്യൂട്ടിതഹസീൽദാർ/ ജൂനിയർ സൂപ്രണ്ട് - 56<br>ഡെപ്യൂട്ടി കളക്ടർ - 07 |
| (ബി) ഈ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അർഹതപ്പെട്ടവർക്ക് പ്രൊമോഷൻ നൽകി നികത്തുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ ഉണ്ടാകുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വില്ലേജ് ഓഫീസർ, ഡെപ്യൂട്ടി തഹസീൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ ലാന്റ് റവന്യൂ കമ്മീഷണർ സ്വീകരിച്ചു വരുന്നു. ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (സി) ജനങ്ങളുമായി വളരെ ബന്ധപ്പെട്ട വകുപ്പ് എന്ന നിലയിൽ റവന്യൂ വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | വില്ലേജുകളിൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കാനായി വില്ലേജുകൾ ആധുനികവൽക്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ നപടിയായി സംസ്ഥാനത്തെ ഓരോ ജില്ലകളിലെയും ഒരു വില്ലേജിനെ മാതൃകാ വില്ലേജ് (സ്മാർട്ട് വില്ലേജ്) ആക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. റവന്യൂ ഉദ്യോഗസ്ഥരുടെ പൊതുജനങ്ങളോടുള്ള സമീപനത്തിൽ മാറ്റം വരുത്തുവാൻ ഉതകുന്ന പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന സ്ഥാപനം മുഖേന നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.